**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-അതീവ ദാരിദ്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്താനും സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയെയും പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)നേയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.99/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/06/2021

---

പരാമർശം: 20/05/2021-ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് അതീവദാരിദ്യം നേരിടുന്ന ഉദ്ദേശം 5 ലക്ഷം കുടുംബങ്ങളുടെ കൃത്യമായ വിവരങ്ങൾ ശേഖരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ദാരിദ്ര്യലഘൂകരണത്തിനായി ഒരു മൈക്രോപ്ലാൻ തയ്യാറാക്കാനുള്ള തുടർനടപടി ആരംഭിക്കാനും അവർക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ എന്തൊക്കെയാണെന്ന് ശിപാർശ ചെയ്യാനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ ഒരു സർവ്വേ നടത്തേണ്ടതുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് അതീവദാരിദ്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനും സംസ്ഥാനവ്യാപകമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗരേഖകൾ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറിയെയും പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)നേയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി പി ജോയ്

ചീഫ് സെക്രട്ടറി

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ/ജി &എസ്.എസ്.എ)

കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.______)

വെബ്&ന്യൂ മീഡിയ,ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയയറക്ടർ,ഇൻഫർമേഷൻകേരള മിഷൻ,തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ